**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5550** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ കാസർഗോഡ് കുള്ളൻ ഇനത്തിലെ പശുക്കളെ സംരക്ഷിക്കുന്നതിന് മാത്രമായി ഒരു ഫാം മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്നുണ്ട്.<br><br>ഫാമിൽ നിലവിൽ 156 ഉരുക്കൾ ഉണ്ട്.<br><br>കാളകൾ - 38 എണ്ണം<br><br>പശുക്കൾ - 64 എണ്ണം<br><br>കിടാരികൾ - 28 എണ്ണം<br><br>കാളക്കുട്ടികൾ - 15 എണ്ണം<br><br>പശുക്കുട്ടികൾ - 11 എണ്ണം.<br><br>ബദിയഡുക്ക ഫാമിന് 2024-25 സാമ്പത്തിക വർഷത്തിൽ ഫാമിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി വിവിധ ഘടകങ്ങളിലായി 20 ലക്ഷം രൂപ നിലവിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | മൃഗസംരക്ഷണ മേഖലയിലെ പ്രധാന വകുപ്പുകളായ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പൊതുമേഖല സ്ഥാപനങ്ങളായ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരള ഫീഡ്സ്, മിൽമ തുടങ്ങിയ ഏജൻസികൾ വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങളും കർഷക സേവനങ്ങളും നൽകി വരുന്നു. ഇത്തരം വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങളുടെ ആകെ ഫലമായി പാൽ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിനായി ശ്രമം നടത്തി വരികയാണ്. ആയതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ **അനുബന്ധം I** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം സംസ്ഥാനത്തെ പാലുല്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിംഗ് സബ്ഡിഡി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി, ഗുണനിലവാരമുള്ള പാൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനായുള്ള പദ്ധതി, കാലിത്തൊഴുത്ത് ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. വകുപ്പിന്റെ ഓരോ പദ്ധതിയും പ്രത്യക്ഷമായോ പരോക്ഷമായോ പാൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നതിനാൽ സംസ്ഥാനത്തെ പാൽ ഉല്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് ഇവ സഹായകരമാകുന്നതാണ്. |
| (സി) | സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള വ്യവസായ സംരംഭങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മിക്കുന്നതിനായി ക്ഷീര വികസന വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് എന്ന സ്ഥലത്ത് ഒരു ഫാക്ടറിയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

## a) ഗോവർദ്ധിനി പദ്ധതി

പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുക വഴി പശുക്കുട്ടികളുടെ ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി അവയുടെ വളർച്ചാ ഘട്ടങ്ങളിൽ മതിയായ പോഷണം ലഭ്യമാക്കുന്നതിനും അത്തരം പശുക്കുട്ടികളെ ഭാവിയിലെ മികച്ച ഉല്പാദന ക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിനും ഈ പദ്ധതി സഹായിക്കുന്നു.

## b) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലം ഉണ്ടാകുന്ന നഷ്ടത്തിൽ നിന്നുള്ള പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി . കർഷകർക്ക് നഷ്ടം നേരിട്ടാലും അവരെ മൃഗസംരക്ഷണ മേഖലയിൽ പിടിച്ചു നിർത്തുന്നതിന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സഹായകരമാകും.

## c) കർഷകർക്ക് നഷ്ടപരിഹാരം

ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കർഷകരുടെ ഉരുക്കൾക്ക് സൂര്യാഘാതം, ഇടിമിന്നൽ, മുങ്ങിമരണം, അംഗീകരിക്കപ്പെട്ടിട്ടുള്ള മറ്റ് അസുഖങ്ങൾ, മുതലായവ മൂലം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണ്.

## d) രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി

മൃഗാശുപത്രികളുടെ പ്രവർത്തന സമയം കഴിഞ്ഞ് മൃഗങ്ങൾക്കുണ്ടാകുന്ന അത്യാഹിതങ്ങളും അടിയന്തിര പ്രാധാന്യത്തോടെ നൽകേണ്ടുന്ന സേവനങ്ങളും ലഭ്യമാക്കാൻ മുൻകാലങ്ങളിൽ പ്രയാസം നേരിട്ടിരുന്നു. എന്നാൽ ഇതിന് പരിഹാരമായാണ് രാത്രികാല അടിയന്തിര മൃഗ ചികിത്സ സേവനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽ ഡോക്ടർമാരെയും അറ്റന്റന്റുമാരെയും കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുക വഴി കർഷകർക്ക് സമയ ബന്ധിതമായി സേവനം ഉറപ്പാക്കാനും

അതുവഴി കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ പരമാവധി കുറയ്ക്കാനും സഹായിക്കും. അടിയന്തിര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 156 കേന്ദ്രങ്ങളിൽ (152 ബ്ലോക്കുകൾ , മൂന്ന് കോർപറേഷനുകൾ , ഒരു മുനിസിപ്പാലിറ്റി) നടപ്പിലാക്കി വരുന്നു.

## e) മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ -മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതിയുടെ കീഴിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തെ 29 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വരുന്നു. 13 ജില്ലകളിൽ 2 ബ്ലോക്കുകൾ വീതവും ഇടുക്കി ജില്ലയിലെ 3 ബ്ലോക്കുകളിലുമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിയ്ക്കുന്നത്. കൂടാതെ ആർ. കെ. വി. വൈ പദ്ധതി പ്രകാരം പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഓരോ മൊബൈൽ വെറ്റിനറി യൂണിറ്റുകൾ വീതം ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. എറണാകുളം, കണ്ണൂർ, കൊല്ലം ജില്ലകളിൽ ഓരോ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. യൂണിറ്റുകളുടെ സേവനം വ്യാപകമാകുക വഴി കർഷകരുടെ വീട്ടു പടിയ്ക്കൽ തന്നെ മികവുള്ള രോഗചികിത്സാ സംവിധാനം സമയ ബന്ധിതമായി ലഭ്യമാക്കുവാൻ സഹായിക്കുകയും അതുവഴി രോഗങ്ങൾ മൂലമുള്ള ഉൽപാദന നഷ്ടം ഉണ്ടാകുന്നത് തടയുകയും ചെയ്യുന്നു.

## f) കർഷക പരിശീലന പരിപാടികൾ

മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള 11 LMTC കൾ വഴി മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തികൾ ആദായകരമാക്കുന്നതിന് വേണ്ട വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## g ) വെറ്ററിനറി സേവനം

മൃഗചികിൽസ,രോഗനിർണ്ണയം,രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികളും ലബോറട്ടറികളും വഴി ചെയ്തുവരുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ശക്തമായ വെറ്ററിനറി സേവനം ഉറപ്പാക്കേണ്ടതുണ്ട്. ആയതിനായി പഞ്ചായത്തടിസ്ഥാനത്തിൽ

മൃഗാശുപത്രികൾ കൂടാതെ 50 ഓളം പോളിക്ലിനിക്കുകൾ, 14 ജില്ല വെറ്ററിനറി സെന്ററുകൾ , കുടപ്പനക്കുന്നിൽ പ്രവർത്തിയ്ക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, ലബോറട്ടറി ശൃംഘലകൾ എന്നിവ പ്രവർത്തിച്ച് വരുന്നു.

## h) സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതി

2024-25 വർഷം പുതുതായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് (10 മുതൽ 20 പശുക്കൾ വരെ ഉള്ളവ) പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിയ്ക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധന സഹായം, ഫാം ആധുനിക വത്കരണം/യന്ത്രവത്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു ഫാമിന് പരമാവധി ഒരു ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കും.